"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കൊവിഡ് 19 - സ്വകാര്യ ഉടമസ്ഥതയില്ലുള്ള ആനകളുൾപ്പെടെയുള്ള വളർത്തു മൃഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിന് ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.418/2020/DMD** തീയതി,തിരുവനന്തപുരം, 15/04/2020

---

പരാമർശം:-

1. സ.ഉ (എം എസ്) 10/2020/ഡിഎംഡി തീയതി 10/3/20
2. ബഹു:റവന്യൂ വകുപ്പ് മന്ത്രിയുടെ 13.04.2020-ലെ 70/N/M/(Rev) 2020 നമ്പർ കുറിപ്പ്.
3. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 14.04.2020 തീയതിയിലെ DM/233/2020/SDMD നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കൊവിഡ് 19-ന്റെ പശ്ചാത്തലത്തില്ലുള്ള ലോക്ക് ഡൗൺ മൂലം വളർത്തു മൃഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിന് പ്രതിസന്ധി നേരിടുന്നുവെന്ന് വ്യാപകമായി പരാതി ലഭിച്ച സാഹചര്യത്തിൽ സ്വകാര്യ ഉടമസ്ഥതയില്ലുള്ള ആനകളുൾപ്പടെയുള്ള വളർത്ത് മൃഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് തുക അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പരാമർശം (3) പ്രകാരം നൽകിയ റിപ്പോർട്ടിൽ ആന ഉൾപ്പടെയുള്ള വളർത്തു മൃഗങ്ങൾക്ക് ഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടെന്നും ആയതിനാൽ ഒറ്റ തവണയായി 5 കോടി രൂപ മൃഗ സംരക്ഷണ വകുപ്പിന് അനുവദിക്കാവുന്നതാണെന്നും, മൃഗ സംരക്ഷണ വകുപ്പ് വ്യക്തമായ കണക്കെടുപ്പ് നടത്തി ഏറ്റവും ആവശ്യമെന്ന് കാണുന്നവയ്ക്ക് മാത്രമായി ഈ തുക വിനിയോഗിച്ച് തീറ്റ വാങ്ങി നൽകാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊവിഡ് 19-ന്റെ പശ്ചാത്തലത്തില്ലുള്ള ലോക്ക് ഡൗൺ മൂലം ആന ഉൾപ്പടെയുള്ള വളർത്തു മൃഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ "2245-02-101-94-01-Flood Other Items" എന്ന ശീർഷകത്തിൽ നിന്നും 5 കോടി രൂപ (അഞ്ച് കോടി രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഈ തുക മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ STSB Account No.701011400000030 credit ചെയ്യാനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതുമാണ്. മൃഗ സംരക്ഷണ വകുപ്പ് വ്യക്തമായ കണക്കെടുപ്പ് നടത്തി ഏറ്റവും ആവശ്യമെന്ന് കാണുന്നവയ്ക്ക് മാത്രമായി ഈ തുക വിനിയോഗിച്ച് തീറ്റ വാങ്ങി നൽകേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം സമയബന്ധിതമായി സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വേണു.വി**

**പ്രിൻസിപ്പൽ സെക്രട്ടറി**

**File No.DMA4/89/2020-DMD**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം ബി. സജി

ഡയറക്ടർ, മൃഗ സംരക്ഷണ ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, എറണാകുളം

മൃഗ സംരക്ഷണ വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :-

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

വനം മൃഗ സംരക്ഷണ വകുപ്പ് മന്ത്രിയുടെ പി.എസിന്

റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്.

ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർക്ക്

ഡി.എം. (എ4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ